# പതിനാലാം കേരള നിയമസഭ
# (രണ്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2334** **06/10/2016-ൽ മറുപടിയ്ക്ക്**

<u>മത്സ്യഗ്രാമം</u>

| <u>ചോദ്യം</u><br>ശ്രീ.ജോൺ ഫെർണാണ്ടസ്: | <u>മറുപടി</u><br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) സംസ്ഥാനത്ത് എത്ര മത്സ്യ ഗ്രാമങ്ങൾ ഉണ്ട്; ഇത് എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത് വിശദമാക്കുമോ; | എ) സംസ്ഥാനത്ത് തീരദേശ മേഖലയിൽ 222- ഉം ഉൾനാടൻ മേഖലയിൽ 113- ഉം അടക്കം 335 അംഗീകൃത മത്സ്യഗ്രാമങ്ങളാണ് നിലവിലുള്ളത്. ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| ബി) പ്രസ്തുത മത്സ്യഗ്രാമങ്ങളിൽ തീരദേശവികസന കോർപ്പറേഷനു കൾ വഴി 2011-2016 കാലഘട്ട ത്തിൽ നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കികൊണ്ടിരിക്കുന്നതുമായ പദ്ധതികൾ ഏതെല്ലാമെന്നും ഇതിനായി അനുവദിച്ചിട്ടുള്ള തുക എത്രയെന്നും വിശദമാക്കുമോ? | ബി) സംസ്ഥാനത്തെ മത്സ്യഗ്രാമങ്ങളിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1) 2011-12, 2013-14 സാമ്പത്തിക വർഷങ്ങളിലായി തീരദേശ സാമൂഹ്യ അടിസ്ഥാനസൗകര്യ വികസന പദ്ധതിയിലുൾപ്പെടുത്തി 8 മത്സ്യഗ്രാമ ങ്ങളിൽ 4.10 കോടി രൂപയുടെ വിവിധ പദ്ധതികൾ പൂർത്തീകരിച്ചു വരുന്നു.<br>2) 2011-12 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം, മലപ്പുറം, കോഴിക്കോട് എന്നീ തീരദേശ ജില്ലകളിലെ മത്സ്യഗ്രാമങ്ങളിൽ 10.81 കോടി രൂപയുടെ വിവിധ പദ്ധതികൾ പൂർത്തീകരിച്ചുവരുന്നു.<br>3) 2011-12, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലായി നബാർഡിന്റെ ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതി യിലുൾപ്പെടുത്തി അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ സംസ്ഥാന മൊട്ടാകെയുള്ള മത്സ്യഗ്രാമങ്ങളിൽ നടപ്പിലാക്കുന്നതിനായി 160 കോടി രൂപയുടെ പദ്ധതിക്ക് സംസ്ഥാന സർക്കാർ അനുമതി നൽകിയിട്ടുണ്ട് . പദ്ധതികൾ പൂർത്തീകരിച്ചുവരുന്നു.<br>4) 2013-14 സാമ്പത്തിക വർഷത്തിൽ 13-ാം ധനകാര്യ കമ്മീഷന്റെ മാതൃകാ മത്സ്യഗ്രാമ പദ്ധതിയിലുൾ പ്പെടുത്തി 6 മത്സ്യഗ്രാമങ്ങളിൽ 14.10 കോടി രൂപയുടെ അടിസ്ഥാനസൗകര്യ വികസന പദ്ധതി കൾ, 9 തീരദേശ ജില്ലകളിലായി 25.17 കോടി രൂപയുടെ 10 ഫിഷറീസ് സ്കൂൾ പുനരുദ്ധാരണം, 5 കോടി രൂപയുടെ മത്സ്യത്തൊഴിലാളി കോളനി പുനരുദ്ധാരണം എന്നീ പദ്ധതികൾക്ക് സംസ്ഥാന സർക്കാർ അനുമതി നൽകി പദ്ധതി കൾ പൂർത്തീകരണഘട്ടത്തിലാണ്. |

5) 2014-15 സാമ്പത്തിക വർഷത്തിൽ 'ഭൂരഹിത ഭവനരഹിത മത്സ്യത്തൊഴിലാളികൾക്ക് ഭവന പദ്ധതി' യിൽ ഉൾപ്പെടുത്തി സംസ്ഥാന മൊട്ടാകെയുള്ള മത്സ്യഗ്രാമങ്ങളിലുള്ള ഭൂരഹിതരും ഭവനരഹിതരുമായ 450 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭൂമി വാങ്ങി ഭവനം നിർമ്മിച്ച് നൽകുന്നതിനായി 48.75 കോടി രൂപയുടെ പദ്ധതിയ്ക്ക് സംസ്ഥാന സർക്കാർ അനുമതി നൽകിയിരുന്നു. വലിയതുറ മത്സ്യഗ്രാമത്തിൽ 8 ഫ്ളാറ്റുകൾ നിർമ്മാണം പൂർത്തീകരിച്ചു കൈമാറ്റം ചെയ്തു കഴിഞ്ഞു. കണ്ണൂർ അഴിക്കരയിൽ 27 ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

6) 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിലായി തെരഞ്ഞെടുത്ത 27 മത്സ്യഗ്രാമങ്ങളിൽ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി 49.84 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

7) ഫ്രഷ് ഫിഷ് ടു ആൾ പദ്ധതിയിലുൾപ്പെടുത്തി 3.90 കോടി രൂപയുടെ ഇൻസുലേറ്റഡ് ബോക്സ് ഘടിപ്പിച്ച ഓട്ടോറിക്ഷ, ഇരുചക്ര വാഹനങ്ങൾ, ഇൻസുലേറ്റഡ് ട്രക്ക് എന്നിവ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കി.

8) ആഴക്കടൽ മത്സ്യബന്ധന പദ്ധതിയിലുൾപ്പെടുത്തി 2.68 കോടി രൂപയുടെ ആഴക്കടൽ മത്സ്യബന്ധന ഉപകരണങ്ങൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു.

9) കടൽ സുരക്ഷാ പദ്ധതിയിലുൾപ്പെടുത്തി 1.00 കോടി രൂപയുടെ കടൽ സുരക്ഷാ ഉപകരണങ്ങൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു.

10) കട്ടമരം മോട്ടോറൈസേഷൻ പദ്ധതിയിലുൾപ്പെടുത്തി ഗുണഭോക്താക്കൾക്ക് എഞ്ചിൻ വാങ്ങുന്നതിന് സബ്സിഡി അനുവദിക്കുന്നതിന് 1.23 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്തു.

സെക്ഷൻ ആഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്